LIBRARY ARCHIVES Kerala Legislative Assembly

2014-2015

1. കാസർഗോഡ് ജില്ല ഒഴികെയുള്ള 13 ജില്ലകളിൽ സമഗ്ര നാളികേര കൃഷിയായ - കേരഗ്രാമം പദ്ധതി പ്രകാരം 26 കേരഗ്രാമങ്ങൾക്കായി ആകെ 2468.12668 ലക്ഷം രൂപ ചെലവഴിച്ചു.

2. കേന്ദ്രാവിഷ്കൃത പദ്ധതിയായ കൂട്ടനാട് - ഇടുക്കി പാക്കേജ് പദ്ധതി പ്രകാരം സംയോജിത തെങ്ങ് കൃഷി വികസനത്തിനായി 223.62458 ലക്ഷം രൂപ ചെലവഴിച്ചു.

2015-2016

1. 2014-15 വർഷത്തെ നാളികേര വികസന പദ്ധതിയായ 'കേരഗ്രാമം' 2015-16 വർഷവും കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ നടപ്പിലാക്കിവരുന്നു. ഇതിനായി 4308.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. നാളികേര വികസന ബോർഡ് പദ്ധതിയായ ഇടുക്കി പാക്കേജ് പദ്ധതിയുടെ 2-ാം വർഷ ആനുകൂല്യത്തിനായി 60.375 ലക്ഷം രൂപ വകയിരുത്തിയത് പൂർണ്ണമായും വിനിയോഗിച്ചു

(ഡി) കൃഷി വകുപ്പ് കാലാകാലങ്ങളിൽ പദ്ധതികളുടെ അവലോകനം വിവിധ തലങ്ങളിൽ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ആവശ്യാനുസരണമുള്ള മാറ്റങ്ങൾ വരുത്തുകയും ചെയ്തുവരുന്നുണ്ട്.

വയോജന സൗഹൃദ സംസ്ഥാനം

28 (*298) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. രാജു :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വയോജന സൗഹൃദ സംസ്ഥാനമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) വയോജനങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ ; ഈ പഠന സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) സംസ്ഥാനം വയോജന സൗഹൃദ സംസ്ഥാനമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാർക്കായുള്ള നയം അംഗീകരിക്കുകയും വയോ സൗഹൃദ പഞ്ചായത്തുകൾ എന്ന പ്രവർത്തനം പൈലറ്റ് അടിസ്ഥാനത്തിൽ ഉടക്കം കുറിച്ചിട്ടുമുണ്ട്. വിവിധ വകുപ്പുകളുടെ പ്രവർത്തനം സംഭയോജിപ്പിച്ചുകൊണ്ട് മുതിർന്ന പൗരന്മാരുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓൾഡ് ഏജ് പെൻഷൻ, ആരോഗ്യ സംരക്ഷണം, സ്ഥാപനപരമായ സംരക്ഷണം, ഡിമെൻഷ്യ കെയർ, വയോഅമൃതം തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നു.

(ബി) വയോജനങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് പ്രത്യേക സമിതി രൂപീകരിച്ചിട്ടില്ല. എന്നാൽ മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലേയ്ക്കായി ഒരു റെഗുലേറ്ററി ബോർഡ് രൂപീകരിക്കുന്നതിനായി പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി മുൻ അഡീഷണൽ എ. ജി. ശ്രീ. വി. കെ. ബീരാനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതി

29 (*299) ശ്രീ. പി. ബി. അബ്ദുൾ റസാക്ക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുടെ നടത്തിപ്പിൽ സംസ്ഥാനം നേരിടുന്ന പ്രതിസന്ധി എന്തെന്ന് വിശദമാക്കുമോ;

(ബി) വേതനമിനത്തിൽ തൊഴിലാളികൾക്കുള്ള കുടിശ്ശിക നൽകുന്നതിനുള്ള മാർഗ്ഗത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തെഴിലുറപ്പ് നിയമം വകുപ്പ് 22 പ്രകാരം, സംസ്ഥാനം സമർപ്പിക്കുന്ന ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ, പദ്ധതി നടത്തിപ്പിന് മതിയായ ഫണ്ട് യഥാസമയം അനുവദിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. കേന്ദ്ര സർക്കാർ അംഗീകരിച്ച് സംസ്ഥാനത്തിന്റെ ലേബർ ബഡ്ജറ്റ് പ്രകാരമുള്ള ഫണ്ട് യഥാസമയം ലഭിക്കാത്തതുമൂലം തൊഴിലാളികളുടെ കൂലി, സാധനഘടകത്തിന്റെ വില എന്നിവ കുടിശ്ശികയാവുകയും ഭരണച്ചെലവുകൾ നിർവ്വഹിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly